പതിമൂന്നാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 627

13.6.2012 ൽ മറുപടിക്ക്

സർക്കാർ നിയന്ത്രണത്തിൽ ജീവൻരക്ഷാ ഔഷധങ്ങൾ ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവൻരക്ഷാ ഔഷധങ്ങളുടെ വിലനിലവാരം ക്രമാതീതമായി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇടത്തട്ടുകാരെ ഒഴിവാക്കി സർക്കാർ നിയന്ത്രണത്തിൽ ജീവൻരക്ഷാ ഔഷധങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ? | (ബി) Essential drugs list ൽ പെട്ട മരുന്നുകൾ വിവിധ സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖേന സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. കമ്പനികളിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ചാണ് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മരുന്നുകൾ വിതരണം ചെയ്യുന്നത്. നീതി മെഡിക്കൽ സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സർക്കാർ ആശുപത്രികളിൽ പേയിങ് കൗണ്ടറുകൾ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്നിവയിലും ഇടത്തട്ടുകാരെ ഒഴിവാക്കി കമ്പനികളിൽ നിന്നും മരുന്നുകൾ നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നതിനാൽ വളരെ കുറഞ്ഞ വിലയിൽ മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ